(ഡി) നീക്കിവച്ച തുക		(തുക ലക്ഷത്തിൽ)
കൃഷിയും ബന്ധപ്പെട്ട സർവീസുകളും	-	21064
ഗ്രാമവികസനം	-	33324
സഹകരണം	-	1500
ജലസേചനവും വെള്ളപ്പൊക്കനിയന്ത്രണവും	-	14100
വൈദ്യുതി	-	63000
വ്യവസായവും ധാതുക്കളും	-	24277
ഗതാഗതവും വാർത്താവിനിമയവും	-	39830
ശാസ്ത്രസർവീസുകളും ഗവേഷണവും	-	3750
സാമൂഹ്യവും സാമൂഹ്യ ക്ഷേമപരമായ സർവീസുകളും	-	86368
സാമ്പത്തിക സർവീസുകൾ	-	20745
ജനറൽ സർവീസുകൾ	-	3367
തദ്ദേശസ്വയംഭരണ സർക്കാരുകൾക്ക് പ്രാദേശിക ആസൂത്രണത്തിനുള്ള പദ്ധതി വിഹിതം	-	131700
ആകെ	-	**443025**

ചെലവായ തുകയുടെ കണക്കുകൾ ലഭ്യമായിട്ടില്ല.

എക്സൈസ് ഗാർഡുമാരുടെ പി. എസ്. സി. റാങ്ക് ലിസ്റ്റ്

76 [359] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽ നിലവിലുള്ള എക്സൈസ് ഗാർഡുമാരുടെ പി. എസ്. സി. റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്;

(ബി) ഇതിൽ നിന്ന് എത്ര പേർക്കാണ് ഇതിനകം നിയമനം ലഭിച്ചിട്ടുള്ളത്;

(സി) ബാക്കിയുള്ളവർക്ക് എന്നേക്ക് നിയമനം നൽകാൻ കഴിയും എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പത്തനംതിട്ട ജില്ലയിലെ എക്സൈസ് റേഞ്ചുകളുടെ എണ്ണം എത്ര; അവ ഏതൊക്കെ;

(ഇ) ഇവയുടെ എണ്ണം വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) 22-4-2002-ൽ നിലവിൽ വന്നു.

(ബി) 78 (എഴുപത്തിയെട്ട്) പേർക്ക്.

(സി) ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്.

(ഡി) 6 റേഞ്ചുകൾ. അവ അടൂർ, തിരുവല്ല, മല്ലപ്പള്ളി, റാന്നി, കോന്നി, പത്തനംതിട്ട എന്നിവയാണ്.

(ഇ) തൽക്കാലം ഉദ്ദേശമില്ല.

ഓപ്പറേഷൻ അന്നപൂർണ്ണ

77 [360] ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പറേഷൻ അന്നപൂർണ്ണ എന്ന പേരിൽ സംസ്ഥാനത്തെ എത്ര താലൂക്ക്/സിറ്റി റേഷനിംഗ് ഓഫീസുകളിൽ വിജിലൻസ് റെയിഡ് നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) റെയിഡിൽ കണക്കിൽപ്പെടാത്ത എത്ര തുക ജീവനക്കാരിൽ നിന്നും പിടിച്ചെടുത്തിട്ടുണ്ടെന്നും എത്ര ജീവനക്കാരെ കുറ്റക്കാരായി കണ്ടെത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) റെയിഡുമായി ബന്ധപ്പെട്ട റിപ്പോർട്ട് വിജിലൻസ് ഡിപ്പാർട്ടുമെന്റിൽ നിന്നും ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 11 (പതിനൊന്ന്) താലൂക്ക്/സിറ്റി റേഷനിംഗ് ഓഫീസുകളിൽ മിന്നൽ പരിശോധനകൾ നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly